# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം.പി.ആർ.128/2024 തിരുവനന്തപുരം, തീയതി: 10/06/2024

# പത്രക്കുറിപ്പ്

## പരീക്ഷ

കേരളസർവകലാശാല 2024 ജൂൺ 18 ന് നടത്താൻ നിശ്ചയിച്ചിരുന്ന രണ്ടാം സെമസ്റ്റർ M.P.E.S. സബ്ജെക്ട് സ്പെഷ്യലൈസേഷൻ പരീക്ഷകൾ 2024 ജൂൺ 21 ന് 9.30 മുതൽ 12.30 വരെയും നാലാം സെമസ്റ്റർ ഇലക്ടീവ് I പരീക്ഷകൾ 2 മുതൽ 5 വരെയും നടത്തുന്നതാണ്. പരീക്ഷ കേന്ദ്രത്തിന് മാറ്റമില്ല.

## പരീക്ഷ രജിസ്ട്രേഷൻ

കേരളസർവകലാശാല 2024 ജൂണിൽ ആരംഭിക്കുന്ന ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച് സെമസ്റ്റർ ബി.ആർക്ക് കമ്പൈൻഡ് (2013 സ്കീം – സപ്ലിമെന്ററി 2013, 2014, 2015 അഡ്മിഷൻ) പരീക്ഷകളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## മനോന്മണീയം സുന്ദരനാർ ഇന്റർനാഷണൽ സെന്റർ ഫോർ ദ്രവീഡിയൻ കൾച്ചറൽ സ്റ്റഡീസ് ഫംഗ്ഷണൽ തമിഴ് ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്

കേരളസർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന മനോന്മണീയം സുന്ദരനാർ ഇന്റർനാഷണൽ സെന്റർ ഫോർ ദ്രവീഡിയൻ കൾച്ചറൽ സ്റ്റഡീസ് 2024 ഓഗസ്റ്റ് 1 മുതൽ ഒക്ടോബർ 31 വരെ മൂന്ന് മാസത്തെ ഫംഗ്ഷണൽ തമിഴ് സർട്ടിഫിക്കറ്റ് കോഴ്സ് ഓൺലൈനായി നടത്തുന്നു. തമിഴ് വായിക്കാനും എഴുതാനും സംസാരിക്കാനും വിവർത്തനം ചെയ്യാനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന തരത്തിലാണ് സിലബസ് ആസൂത്രണം ചെയ്തിരിക്കുന്നത്. തമിഴ് ഭാഷാ പരിജ്ഞാനം അടിസ്ഥാന യോഗ്യതയായി നിർണ്ണയിച്ചിട്ടുള്ള കേന്ദ്ര സംസ്ഥാനസർക്കാരുകൾക്ക് കീഴിലുള്ള ഉദ്യോഗങ്ങൾക്ക് ഈ സർട്ടിഫിക്കറ്റ് ഉപയോഗിക്കാവുന്നതാണ്. കോഴ്സ് കാലാവധി: മൂന്ന് മാസം. എല്ലാ പ്രവർത്തി ദിവസങ്ങളിലും വൈകുന്നേരം 6.30 മുതൽ 8.30 വരെയാണ് ക്ലാസ്സ്. ഗൂഗിൾ മീറ്റ് വഴിയാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്. യോഗ്യത: ഹയർ സെക്കന്ററി പാസ്സായിരിക്കണം. അടിസ്ഥാന കോഴ്സിൽ പങ്കെടുക്കുന്നതിന് ഉയർന്ന പ്രായപരിധി ഇല്ല. അറ്റന്റൻസ്, ഗ്രൂപ്പ് വർക്ക്, എഴുത്ത് പരീക്ഷ, വാചാപരീക്ഷ എന്നിങ്ങനെ നൂറ് മാർക്കാണ് ആകെ സ്കോർ. കോഴ്സ് വിജയിക്കുന്നതിന് 50% മാർക്ക് നേടണം. ഇതൊരു സ്വാശ്രയ കോഴ്സാണ്. ട്യൂഷൻ ഫീ - Rs. 3500/-, അപേക്ഷ ഫീസില്ല.

NB: അഡ്മിഷൻ ഫീസ് ഓൺലൈനായി സർവകലാശാല വെബ്സൈറ്റ് മുഖേനയോ സർവകലാശാല ക്യാഷ് കൗണ്ടർ വഴി നേരിട്ടോ അടയ്ക്കാവുന്നതാണ്. ഓൺലൈൻ പേയ്മെന്റിന് സർവകലാശാല പേയ്മെന്റ് പോർട്ടൽ വഴി താഴെപ്പറയുന്ന രീതിയിൽ ഫീസ് ഒടുക്കാവുന്നതാണ്. University website (www.keralauniversity.ac.in ) - Online payment portal - Departmental remittance - Department name (Manonmaniam Sundaranar

**International Centre for Dravidian Cultural Studies) - Purpose (Tuition/Semester fee for annual scheme students) - Print receipt**

**അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി – 2024 ജൂലൈ 10 വൈകുന്നേരം 5 മണി. കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ താഴെ തന്നിരിക്കുന്ന ഗൂഗിൾ ഫോം പൂരിപ്പിച്ചതിന് ശേഷം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമായ അപേക്ഷ പൂരിപ്പിച്ച് ഇതോടൊപ്പം ഫീസ് അടച്ചതിന്റെ ചെലാനും SSLC, +2 സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും സഹിതം ജൂലൈ 10 നകം ഡോ. ജയകൃഷ്ണൻ പി., പ്രൊഫസർ, തമിഴ് പഠന വിഭാഗം & Hon.Director, MSICDCS, കേരളസർവകലാശാല, കാര്യവട്ടം, തിരുവനന്തപുരം എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. ഫോൺ നമ്പർ: 0471-2308919, 2308840.**

**Goole Form Link :- https://forms.gle/6cmWhagMycTSUboG6**

## ഫിനിഷിംഗ് സ്കൂളിൽ അപ്ലൈഡ് പ്ലാന്റ് സയൻസ് ഹ്രസ്വകാല പരിശീലന കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു

**കേരളസർവകലാശാല ബോട്ടണി പഠന വിഭാഗം നടത്തുന്ന അപ്ലൈഡ് പ്ലാന്റ് സയൻസ് ഫിനിഷിംഗ് സ്കൂളിലെ ഹ്രസ്വകാല പരിശീലന കോഴ്സിന് 2024 ജൂൺ ബാച്ചിലേക്ക് പ്രവേശനത്തിന് അപേക്ഷ ക്ഷണിക്കുന്നു. യോഗ്യത: ബോട്ടണി അല്ലെങ്കിൽ തത്തുല്യ വിഷയങ്ങളിൽ 60% മാർക്കോടെ ബിരുദാനന്തരബിരുദം. അവസാന വർഷ പരീക്ഷ എഴുതി ഫലം കാത്തിരിക്കുന്ന വിദ്യാർഥികൾക്കും അപേക്ഷിക്കാവുന്നതാണ്. പരിശീലന മേഖലകൾ 1. നഴ്സറി മാനേജ്മെന്റും കൊമേഷ്യൽ പ്ലാന്റ് ടിഷ്യുകൾച്ചറും, 2. ബയോ ഇൻസ്ട്രുമെന്റേഷനും ടെക്നിക്കുകളും, 3. ഫൈറ്റോകെമിക്കൽ എക്സ്ട്രാക്ഷനും ഹെർബൽ കോസ്മെറ്റിക്കുകളും. കോഴ്സ് ഫീസ്: 1000 രൂപ, കാലാവധി: 3 മാസം. താൽപ്പര്യമുള്ളവർ https://forms.gle/Ju5igxjS2qXRiUXf6 എന്ന ലിങ്കിൽ ലഭ്യമായ ഓൺലൈൻ ഫോം വഴി രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്. വിശദമായ വിജ്ഞാപനവും അപേക്ഷാഫോറവും കേരളസർവകലാശാലയുടെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. (https://www.keralauniversity.ac.in/dept/downloads/3_1717807797.pdf). ഓൺലൈൻ രജിസ് ട്രേഷനുള്ള അവസാന തീയതി 2024 ജൂൺ 18. പൂരിപ്പിച്ച അപേക്ഷഫോമും യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും അഡ്മിഷൻ സമയത്ത് കേരള സർവകലാശാല ബോട്ടണി പഠന വകുപ്പിൽ സമർപ്പിക്കേണ്ടതാണ്.**

## കേരളസർവകലാശാല ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം 2024–25 ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു.

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകളിലും, യു.ഐ.ടി, ഐ.എച്ച്.ആർ.ഡി കേന്ദ്രങ്ങളിലും ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള **2024-25** അദ്ധ്യയന വർഷത്തെ പ്രവേശനത്തിന് ഓൺലൈൻ രജിസ്ട്രേഷൻ (**https://admissions.keralauniversity.ac.in**) ആരംഭിച്ചു.

എല്ലാ കോളേജുകളിലേയും മെറിറ്റ് സീറ്റുകളിലേക്കും മറ്റ് സംവരണ സീറ്റുകളിലേക്കും ഏകജാലക സംവിധാനം വഴിയായിരിക്കും അലോട്ട്മെന്റ്. കേരളസർവകലാശാലയുടെ കീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ ബിരുദാനന്തര ബിരുദ പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും (മാനേജ്മെന്റ് ക്വാട്ട, സ്പോർട്സ് ക്വാട്ട, ഭിന്ന ശേഷിയുള്ളവർ, ട്രാൻസ്ജെൻഡർ, ലക്ഷദ്വീപ് നിവാസികൾ ഉൾപ്പടെ) ഏകജാലക സംവിധാനം വഴി അപേക്ഷ സമർപ്പിച്ചിരിക്കണം. പരാതിരഹിതമായ ഓൺലൈൻ

രജിസ്ട്രേഷൻ ലക്ഷ്യമിടുന്നതിനാൽ വിദ്യാർത്ഥികൾ അതീവ ശ്രദ്ധയോടെയും കൃത്യതയോടെയും രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. രജിസ്ട്രേഷൻ സമയത്ത് നൽകുന്ന മൊബൈൽ ഫോൺ നമ്പർ പ്രവേശന നടപടികൾ അവസാനിക്കുന്നത് വരെ ഒരു കാരണവശാലും മാറ്ററുത്.

**A) <u>സ്പോർട്ട്സ് ക്വാട്ട</u>**

സ്പോർട്ട്സ് ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്ന യോഗ്യരായ വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയിലെ സ്പോർട്ട്സ് കോളത്തിന് നേരെ 'യെസ് ' എന്ന് രേഖപ്പെടുത്തണം. സ്പോർട്സ് ഇനം, ഏതു തലത്തിലെ നേട്ടമാണ് എന്നിവ സെലക്ട് ചെയ്തതിനു ശേഷം സ്പോർട്ട്സ് നേട്ടങ്ങളുടെ സർട്ടിഫിക്കറ്റുകൾ സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷനിൽ നൽകിയിട്ടുള്ള കോളേജുകളും ഓപ്ഷനുകളും മാത്രമേ പരിഗണിക്കുകയുള്ളു.

**B) <u>പ്രത്യേക ശ്രദ്ധയ്ക്ക്</u>**

**<u>ഏകജാലക സംവിധാനത്തിലുള്ള എല്ലാ ഫീസുകളും ഓൺലൈൻ വഴി മാത്രം അടയ്ക്കേണ്ടതാണ്. ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക് എന്നിവ സ്വീകരിക്കുന്നതല്ല</u>**

സംശയനിവാരണത്തിന് എല്ലാ പ്രവർത്തി ദിവസങ്ങളിലും 8281883052, 8281883053, 8281883052 (WhatsApp) എന്നീ ഹെൽപ്പ്ലൈൻ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. ഓൺലൈൻ അപേക്ഷയുടെ പ്രിന്റ്ഔട്ട് സർവകലാശാലയിലേയ്ക്ക് അയക്കേണ്ടതില്ല. ആയത് പ്രവേശന സമയത്ത് അതാത് കോളേജുകളിൽ ഹാജരാക്കിയാൽ മതിയാകും. പ്രോസ്പെക്ടസ് വായിച്ചതിന് ശേഷം മാത്രം ഓൺലൈൻ രജിസ്ട്രേഷൻ നടത്തുക. കൂടുതൽ വിവരങ്ങൾക്ക് **https://admissions.keralauniversity.ac.in** എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## <u>ഒന്നാം വർഷ ബിരുദ പ്രവേശനം 2024</u>
## <u>ട്രയൽ അലോട്ട്മെന്റ് ജൂൺ 11 ന് പ്രസിദ്ധീകരിക്കും</u>

**കേരളസർവകലാശാലയുടെ 2024-25 അധ്യയന വർഷത്തിലെ ബിരുദ പ്രവേശനത്തിനുള്ള ട്രയൽ അലോട്ട്മെന്റ് അഡ്മിഷൻ വെബ്സൈറ്റിൽ (https://admissions.keralauniversity.ac.in) 2024 ജൂൺ 11 ന് പ്രസിദ്ധീകരിക്കും. പ്രൊഫൈലിൽ ലോഗിൻ ചെയ്ത് ട്രയൽ അലോട്ട്മെന്റ് പരിശോധിച്ചതിന് ശേഷം ഓപ്ഷനുകൾ ചേർക്കുന്നതിനും പുനർക്രമീകരിക്കുന്നതിനും 2024 ജൂൺ 12 വരെ വിദ്യാർത്ഥികൾക്ക് അവസരം ഉണ്ടായിരിക്കുന്നതാണ്. പ്രൊഫൈലിൽ മാറ്റങ്ങൾ വരുത്തുന്നവർ ആയതിന്റെ പുതിയ പ്രിന്റ് ഔട്ട് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്. ട്രയൽ അലോട്ട്മെന്റ് വന്നതിന് ശേഷം വിദ്യാർത്ഥികൾ ഓപ്ഷനുകൾ മാറ്റങ്ങൾ വരുത്തുന്നതിനാൽ ട്രയൽ അലോട്ട്മെന്റിൽ ലഭിച്ച കോളേജുകൾക്കും കോഴ്സുകൾക്കും തുടർന്ന് വരുന്ന അലോട്ട്മെന്റുകളിൽ മാറ്റങ്ങൾ വരുവാൻ സാധ്യതയുണ്ട്. ആയതിനാൽ ട്രയൽ അലോട്ട്മെന്റ് ലഭിച്ചു എന്നുള്ളത് കൊണ്ട് മാത്രം അഡ്മിഷൻ ലഭിക്കണമെന്നില്ല. ഒന്നാംഘട്ട അലോട്ട്മെന്റ് 2024 ജൂൺ 13 ന് പ്രസിദ്ധീകരിക്കുന്നതാണ്. ഷെഡ്യൂൾ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.**

## ഒന്നാം വർഷ ബി.എഡ് പ്രവേശനം – 2024

കേരളസർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ്/സ്വാശ്രയ/കെ.യു.സി റ്റി ഇ. കോളേജുകളിലേക്കുള്ള 2024-25 അധ്യയന വർഷത്തിലെ ബി.എഡ്. കോഴ്സുകളുടെ ഏകജാലക സംവിധാനം വഴിയുള്ള പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. കേരളസർവകലാശാലയുടെ കീഴിൽ പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും (General/Reservation/Management/Sports quota/ PWD/ Transgender/ TLM/ Lekshadweep ഉൾപ്പെടെ) ഏകജാലക സംവിധാനം വഴി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ 2024 ജൂൺ 10 ന് ആരംഭിക്കുന്നതും 2024 ജൂൺ 25 ന് വൈകുന്നേരം 5 മണിക്ക് അവസാനിക്കുന്നതുമാണ്. ഓൺലൈൻ രജിസ്ട്രേഷന്റെ അവസാന തീയതി വരെ അപേക്ഷയിലെ തെറ്റുകൾ തിരുത്താവുന്നതാണ്. വിദ്യാർത്ഥികൾക്ക് 20 ഓപ്ഷൻ വരെ സെലക്ട് ചെയ്യാവുന്നതാണ്. ഓപ്ഷൻ കൊടുത്ത കോളേജുകളിലേക്ക് അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ നിർബന്ധമായും പ്രവേശനം നേടേണ്ടതാണ്. അല്ലാത്തപക്ഷം തുടർന്നുവരുന്ന അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതല്ല. പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളും പ്രോഗ്രാമുകളും മാത്രം മുൻഗണന ക്രമത്തിൽ തെരെഞ്ഞെടുക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ ചെയ്തതിനുശേഷം അപേക്ഷയുടെ പ്രിന്റൗട്ട് കോളേജുകളിലേക്കോ സർവകലാശാലയിലേക്കോ അയക്കേണ്ടതില്ല. അപേക്ഷയുടെ പ്രിന്റൗട്ടും ഫീസടച്ചതിന്റെ രസീതും പ്രവേശന സമയത്ത് അതാത് കോളേജുകളിൽ ഹാജരാക്കേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ ഫീസ് 700/- (SC/ST വിഭാഗത്തിന് 400/-) രൂപയാണ്. ഏകജാലക സംവിധാനത്തിലുള്ള എല്ലാ ഫീസുകളും ഓൺലൈൻ മുഖാന്തിരം അടക്കേണ്ടതാണ്. ഡി.ഡി, ചെക്ക്, മറ്റു ചെലാനുകൾ തുടങ്ങിയവ മുഖേനെയുള്ള പേയ്മെന്റുകൾ സ്വീകരിക്കുകയോ റീഫണ്ട് ചെയ്യുകയോ ചെയ്യുന്നതല്ല. ഫീസ് അടച്ച രസീത് നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. തെറ്റായി ഒടുക്കുന്ന ഫീസുകൾ റീഫണ്ട് ചെയ്യപ്പെടുന്നതല്ല. അഡ്മിഷൻ സംബന്ധിച്ചുള്ള അതാത് സമയങ്ങളിലെ വിവരങ്ങൾക്ക് സർവകലാശാല പത്രകുറിപ്പുകളും അഡ്മിഷൻ വെബ്സൈറ്റും (https://admissions.keralauniversity.ac.in) ശ്രദ്ധിക്കേണ്ടതാണ്. ഹെൽപ്പ്ലൈൻ നമ്പർ : 9188524612 (Wattsapp also), ഇ-മെയിൽ: bedadmission@keralauniversity.ac.in

## സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ അറബിക് ടൈപ്പിംഗ്

കേരളസർവകലാശാല അറബി വിഭാഗം നടത്തി വരുന്ന ഓഫ്ലൈൻ അറബിക് ടൈപ്പിംഗ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത പ്ലസ്ടു/തത്തുല്യം. ഫീസ്: 3000 രൂപ. കാലാവധി: 3 മാസം. സീറ്റുകൾ: 40, അപേക്ഷ ഫോം കാര്യവട്ടത്തുള്ള അറബി വിഭാഗം ഓഫീസിലും, ഔദ്യോഗിക വെബ്സൈറ്റിലും (www.arabicku.in) ലഭ്യമാണ്. താൽപ്പര്യമുള്ളവർ സർട്ടിഫിക്കറ്റുകളുടെ അസൽ പകർപ്പുകൾ സഹിതം ജൂൺ 15 ശനി രാവിലെ 10 മണിക്ക് കാര്യവട്ടത്തുള്ള അറബിക് പഠന വകുപ്പിൽ എത്തുക. വിവരങ്ങൾ: 9633812633/0471-2308846.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)**

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website: www.keralauniversity.ac.in**

| |
|---|
| *University information is available on* **9188526670, 9188526671, 9188526674, 9188526675**<br>**Whats App No. 8547330240** |